# പതിമൂന്നാം കേരളനിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5915 | 30/07/2015-ൽ മറുപടിക്ക്

## ഐ.ടി. അധിഷ്ഠിത വ്യവസായങ്ങൾ

**ചോദ്യം**

ശ്രീ. എം. ഹംസ

**മറുപടി**

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഐ.ടി. അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) | വിവര സാങ്കേതിക വിദ്യ പൂർണ്ണമായും പ്രയോജനപ്പെടുത്തിക്കൊണ്ട് ഐ.ടി. രംഗത്തെ വളർച്ചയ്ക്കായി ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക് എന്നീ സർക്കാർ ഉടമസ്ഥതയിലുള്ള ഐ.ടി. പാർക്കുകളിൽ കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക, സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്വകാര്യ പങ്കാളിത്തത്തോടുകൂടി ഐ.ടി. പാർക്കുകൾ സ്ഥാപിക്കുക, അതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുക തുടങ്ങിയ ഐ.ടി. /ഐ.ടി അനുബന്ധ മേഖലയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് സർക്കാർ ഒരു പുതിയ ഐ.ടി. നയം പ്രഖ്യാപിച്ചിട്ടുണ്ട്.<br>തിരുവനന്തപുരം ടെക്നോപാർക്കിൽ 281 കമ്പനികൾ പ്രവർത്തിക്കുന്ന Phase – I Campus പൂർണ്ണമായും പ്രവർത്തനക്ഷമമായിട്ടുണ്ട്.<br>ടെക്നോപാർക്കിന്റെ Phase – II Campus-ന് പൂർണ്ണ SEZ പദവി ലഭിക്കുകയും പ്രധാനപ്പെട്ട ഐ.ടി./ഐ.ടി. അനുബന്ധ കമ്പനികൾ അവിടെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.<br>ടെക്നോപാർക്കിന്റെ മൂന്നാം ഘട്ടമായ Phase – III-യ്ക്കായി ഏകദേശം 92 ഏക്കർ ഭൂമി ഏറ്റെടുത്തതിൽ ഐ.ടി./ഐ.ടി. അനുബന്ധ വ്യവസായങ്ങൾക്കായി SEZ-ലും, Non-SEZ-ലും ഭൂമി ലഭ്യമാണ്.<br>ടെക്നോപാർക്കിന്റെ മറ്റൊരു ബൃഹത് പദ്ധതിയായ ഏകദേശം 424 ഏക്കറിലുള്ള ടെക്നോസിറ്റിയിൽ 5 കമ്പനികൾക്ക് ഭൂമി നൽകിയിട്ടുണ്ട്. അവിടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.<br>കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി സംസ്ഥാന സർക്കാർ |

| | | | |
|---|---|---|---|
| | | | തങ്ങളുടെ ഐ.ടി. പാർക്കുകളുടെ ബ്രാൻഡ് പ്രൊമോട്ട് ചെയ്യുന്നതിനോടൊപ്പംതന്നെ പുതിയ ഐ.ടി. സംരംഭകരെക്കൂടി ഐ.ടി. സംഘത്തിൽ ഉൾപ്പെടുത്തി Europe, Australia, Middle East തുടങ്ങിയ രാജ്യങ്ങളിലെ ഐ.ടി. മേളകളിലും മറ്റും പങ്കെടുക്കുന്നതിനായി അവസരം നൽകി. ഇതുവഴി ഏകദേശം 70-ഓളം SME കമ്പനികൾക്കും 20 CEO മാർക്കും Global Exposure-നുള്ള അവസരം ലഭിച്ചു. ദേശീയ-അന്തർദ്ദേശീയ തലത്തിൽ സംസ്ഥാനത്തെ ഐ.ടി. കമ്പനികൾ കൂടുതൽ ശ്രദ്ധിക്കപ്പെടുവാനും നിരവധി പുതുസംരംഭകർക്ക് അവസരം ഒരുക്കുവാനും ഇതുമൂലം സാധിച്ചിട്ടുണ്ട്. SEZ / Non SEZ സ്ഥല സൗകര്യം, അന്താരാഷ്ട്ര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ ലോകോത്തര നിലവാരമുള്ള കെട്ടിട സൗകര്യങ്ങൾ, പൂർണ്ണമായും ഫർണിഷ് ചെയ്ത് സജ്ജമാക്കിയിരിക്കുന്ന സ്റ്റാർട്ട് ബിസിനസ്സ് സെന്ററുകൾ, ഐ.ടി. സംരംഭങ്ങൾ കാലതാമസം കൂടാതെ ആരംഭിക്കുന്നതിനായി ടെക്നോപാർക്കിനുള്ള ഏകജാലക സംവിധാനം, വൈദ്യുതി വിതരണ ലൈസൻസി പദവി ഇവ ഐ.ടി. സംരംഭകരെ ആകർഷിക്കുന്നു.<br>കൊച്ചി ഇൻഫോപാർക്കിന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ധ്രുതഗതിയിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. പുതിയ സ്വകാര്യ സംരംഭകർക്ക് ഭൂമി പാട്ടത്തിന് നൽകാനായി കൊരട്ടി ഇൻഫോപാർക്കിൽ പുതിയ ഐ.ടി. സമുച്ചയത്തിന് അനുമതി നൽകി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇതിലൂടെ അടുത്ത അഞ്ച് വർഷത്തിനുള്ളിൽ കൂടുതൽ സ്ഥലസൗകര്യങ്ങളും 30000-ഓളം തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുന്നതാണ്. കേരളാ സ്റ്റാർട്ട്-അപ് മിഷൻ രൂപീകരിച്ചുകൊണ്ട് സ്റ്റാർട്ട്-അപ് ഇനീഷ്യേറ്റീവ് പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഗ്രാമപ്രദേശങ്ങളിലേക്ക് ഐ.ടി. വ്യവസായം വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് ടെക്നോലോഡ്ജ്.<br>സൈബർപാർക്കിൽ ആദ്യ കെട്ടിടമായ 11700 ച.അടിയുള്ള കോമൺ ഫെസിലിറ്റി സെന്ററിന്റെ പ്രവൃർത്തി പൂർത്തീകരിച്ചു. കൂടാതെ 2.88 ലക്ഷം ച.അടിയുള്ള ആദ്യ ഐ.ടി. കെട്ടിടത്തിന്റെ 60% പ്രവൃത്തികൾ പൂർത്തീകരിച്ചു. ടി കെട്ടിടം പൂർത്തീകരിക്കുന്നതോടെ 2000-ഓളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്നതാണ്. |

| | | | |
|---|---|---|---|
| | | | സ്മാർട്ട് സിറ്റിയുടെ ആദ്യഘട്ടം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. 6.5 ലക്ഷം ച. അടി. വിസ്തീർണ്ണമുള്ള ആദ്യ ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് വരുന്നു. ഇത് 2015 നവംബർ മാസത്തോടെ പ്രവർത്തനക്ഷമമാകുന്നതാണ്. കൂടാതെ സംസ്ഥാനത്തുടനീളം ചെലവ് കുറഞ്ഞതും ഗ്രാമീണ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിട്ട് ചെറുതും ഇടത്തരവുമായ IT/ITES Electronics Sector സംരംഭങ്ങൾ ആരംഭിക്കുന്നതിനായി RITEL പാർക്കുകൾ സ്ഥാപിക്കുന്നതിന് തത്വത്തിൽ തീരുമാനമായിട്ടുണ്ട്. |
| (ബി) | ഒറ്റപ്പാലത്ത് ഒരു ഐ.ടി. പാർക്ക് തുടങ്ങുവാൻ സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ ; എങ്കിൽ അതിന്റെ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ ; | (ബി) & (സി) | ഇക്കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) | അതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ